

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

2024 – 2025
വർഷത്തെ
ബജറ്റ്

ജനപ്രതിനിധികൾ

പ്രസിഡന്റ്	:	ശ്രീ. വി. രാധാകൃഷ്ണൻ
വൈസ്പ്രസിഡന്റ്	:	ശ്രീമതി എം. ബി. ശശികല
വികസനകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ	:	ശ്രീ. ജി.എൻ. മനോജ്
ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷ	:	ശ്രീമതി സിന്ധു എസ്.
ആരോഗ്യം-വിദ്യാഭ്യാസം സ്ഥിരംസമിതി അദ്ധ്യക്ഷ	:	ശ്രീമതി അജിത എസ്.
അംഗങ്ങൾ		
വാർഡ് 1	:	ശ്രീമതി ഗീത എസ്.
വാർഡ് 2	:	ശ്രീ. പഴവറ സന്തോഷ്
വാർഡ് 4	:	ശ്രീ. വാസു പി.
വാർഡ് 6	:	ശ്രീ. സച്ചുമോഹൻ
വാർഡ് 8	:	ശ്രീ. അഭിലാഷ് കൂരോംവിള
വാർഡ് 9	:	ശ്രീമതി വസന്തകുമാരി
വാർഡ് 11	:	ശ്രീ. അമീഷ്ബാബു
വാർഡ് 12	:	ശ്രീ. സി.എസ്. നിവാസ്
വാർഡ് 13	:	ശ്രീമതി സ്മിത പി.
വാർഡ് 14	:	ശ്രീമതി സുജാതയമ്മ
വാർഡ് 15	:	ശ്രീമതി രജനി ആർ.
വാർഡ് 16	:	ശ്രീ. ബൈജു ചെറുപൊയ്ക
വാർഡ് 17	:	ശ്രീമതി രമാദേവി കെ.
വാർഡ് 18	:	ശ്രീമതി ആർ. ഗീത
ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ	:	ശ്രീ.ജെ. കെ. വിനോദിനി അഡ്വ. ബെച്ചി ബി. മലയിൽ ശ്രീ. എ. അജി
ജില്ലാപഞ്ചായത്ത് അംഗങ്ങൾ	:	അഡ്വ. സുമാലാൽ ശ്രീമതി ആർ. രശ്മി
നിയമസഭാംഗം	:	ശ്രീ. കോവൂർ കുഞ്ഞുമോൻ
പാർലമെന്റ് അംഗം	:	ശ്രീ. കൊടിക്കുന്നിൽ സുരേഷ്

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി

അദ്ധ്യക്ഷൻ

ശ്രീ. വി. രാധാകൃഷ്ണൻ (പ്രസിഡന്റ്, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)

ഉപാദ്ധ്യക്ഷൻ

ശ്രീ. ബി. ശ്രീകുമാർ, ബാലനിലയം, കാരിക്കൽ

കൺവീനർ

ശ്രീ. അനിൽകുമാർ ആർ. (സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്)

ആസൂത്രണസമിതി അംഗങ്ങൾ

ശ്രീമതി ശശികല എം.ബി. (ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

ശ്രീ. ജി.എൻ. മനോജ് (ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

ശ്രീമതി സിന്ധു. എസ്. (ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)

ശ്രീമതി അജിത എസ്. (ചെയർപേഴ്സൺ, ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി)

ശ്രീ. ഷൺമുഖൻ, ശ്രീപാർവ്വതി കാരിക്കൽ, കരിമ്പിൻപുഴ പി.ഒ.

ശ്രീ. കെ. ശ്രീരംഗൻ, മുകളിലയ്യത്ത്, കരിമ്പിൻപുഴ

ശ്രീ. രവികുമാർ (റിട്ട: ഹെൽത്ത് ഇൻസ്പെക്ടർ)

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ജീവനക്കാർ

പേര്	വിഭാഗം
അനിൽകുമാർ ആർ.	സെക്രട്ടറി
അരുൺനാഥ് ആർ.	അസിസ്റ്റന്റ് സെക്രട്ടറി
രഹിൻ എ.	ഹെഡ്ക്ലാർക്ക്
രാജേഷ്കുമാർ എസ്.	അക്കൗണ്ടന്റ്
സുമി എബ്രഹാം	സീനിയർ ക്ലാർക്ക്
സുരേഷ്കുമാർ എസ്.	സീനിയർ ക്ലാർക്ക്
ജോൺസൺ ജെ.	സീനിയർ ക്ലാർക്ക്
ശംഭു ജി. കൃഷ്ണൻ	ക്ലാർക്ക്
അമീഷ് സുധാകർ	ക്ലാർക്ക്
ഗോകുൽ രവി	ക്ലാർക്ക്
ബീന റ്റി.	ക്ലാർക്ക്
സത്യാനന്ദൻ പി.	ഓഫീസ് അറ്റന്റന്റ്
അഞ്ജനാദാസ് എ.	ഓഫീസ് അറ്റന്റന്റ്
ഗീത വി.	പാർട്ടൈം ലൈബ്രേറിയൻ
ഉദയകുമാർ ജി.	പാർട്ടൈം സ്വീപ്പർ
നവീൻ എൻ.	ടെക്നിക്കൽ അസിസ്റ്റന്റ്
അഖിൽ ആനന്ദ്	പ്രോജക്ട് അസിസ്റ്റന്റ്
അയ്യപ്പദാസ് ബി.	ഹെൽത്ത് ഇൻസ്പെക്ടർ
ശീലാവതിയമ്മ പി.	MGNREG അക്രഡിറ്റഡ് എഞ്ചിനീയർ
ശരത് ആർ.	MGNREG ഓവർസീയർ
ആരോമൽ എൻ. എസ്.	MGNREG ഓവർസീയർ
ലേഖ എൽ. ഐ.	അക്കൗണ്ടന്റ് കം ഐ. റ്റി. അസിസ്റ്റന്റ്
സരിത കെ.	അക്കൗണ്ടന്റ് കം ഐ. റ്റി. അസിസ്റ്റന്റ്
അഞ്ജലി വി.	അക്കൗണ്ടന്റ് കം ഐ. റ്റി. അസിസ്റ്റന്റ്
അനിൽകുമാർ	ഡ്രൈവർ
എഞ്ചിനീയറിംഗ് വിഭാഗം	
വിനുരാജ് ഡി.	അസി. എഞ്ചിനീയർ LSGD
പൂർണിമ ജി.	ഓവർസീയർ LSGD
വിഷ്ണുലാൽ പി. കെ.	ഓവർസീയർ LSGD

നിർവ്വഹണ ഉദ്യോഗസ്ഥർ

അനിൽകുമാർ ആർ.	സെക്രട്ടറി
അരുൺനാഥ് ആർ.	അസിസ്റ്റന്റ് സെക്രട്ടറി
വിനുരാജ് ഡി.	LSGD അസിസ്റ്റന്റ് എഞ്ചിനീയർ
ഡോ. നവിത എസ്.	കൃഷി ഓഫീസർ
സുധീഷ് എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ
ഡോ. ദീപ പ്ലാസിഡ്	വെറ്ററിനറി സർജ്ജൻ
ബേനസീർ എസ്.	ഐ. സി. ഡി. എസ്. സൂപ്പർവൈസർ
സന്തോഷ്കുമാർ എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
രതീഷ്ബാബു ബി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഡോ. ജുനു വി.	മെഡിക്കലാഫീസർ എഫ്. എച്ച്. സി.
ഡോ. അസിത എ.	മെഡിക്കലാഫീസർ ആയുർവേദ ഡിസ്പെൻസറി
ഡോ. ബ്രിജില	മെഡിക്കലാഫീസർ ഹോമിയോ ഡിസ്പെൻസറി
സുധ ജെ.	H.M, GLPS പാങ്ങോട്
ജീന	ഫിഷറീസ് ഇൻസ്പെക്ടർ

കുടുംബശ്രീ സി. ഡി. എസ്.

ഷെർമി മധു	ചെയർപേഴസൺ
സരിതാസാബു	വൈസ് ചെയർപേഴസൺ
ഇന്ദുലേഖ	അക്കൗണ്ടന്റ്

ബജറ്റ് 2025-26

ആമുഖ പ്രസംഗം

മാന്യരേ,

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയിൽ നാലാമത്തേതും നിലവിലെ ഭരണസമിതിയുടെ അഞ്ചാമത്തേതുമായ വാർഷിക ബജറ്റാണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ഐശ്വര്യപൂർണ്ണമായ ഭാവി ലക്ഷ്യമാക്കി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ പദ്ധതികൾക്കാണ് മുൻകാലങ്ങളിൽ നാം രൂപം നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഭരണഘടനാപരമായ 29 അനിവാര്യ ചുമതലകളുമായി സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് ബന്ധമുള്ളതിനാൽ വലിയ മുൻഗണന ഈ മേഖലയ്ക്കാണ് നൽകേണ്ടത്. നല്ല കാഴ്ചപ്പാടും, ഇടപെടലുകൾ ആവശ്യമായതും, നാളിതുവരെ നേടിയെടുത്ത നേട്ടങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇനി നാം മുന്നോട്ടുപോകേണ്ടത്.

ഗവൺമെന്റിന്റെ പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾക്കനുസരിച്ച് ലഭ്യമായ ബജറ്റ് വിഹിതത്തിലെ തുകയിൽ നിന്നും പ്രത്യേക പദ്ധതികൾക്കും പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കും ആവശ്യമായ തുക നീക്കിവച്ച് ബാക്കിതുക വിവിധ മേഖലാ വിഭജനങ്ങൾക്കനുസരിച്ച് വിവിധ പദ്ധതികൾക്കായി വകയിരുത്താൻ ഈ ബജറ്റ് ശ്രമിച്ചിട്ടുണ്ട്. ജനപ്രതിനിധികളുടെയും, കർമ്മസമിതികളുടെയും ആസൂത്രണ സമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾക്കും വിലയിരുത്തലുകൾക്കും ശേഷമാണ് പദ്ധതിനിർദ്ദേശങ്ങൾ മുന്നോട്ടുവച്ചത്. നമ്മുടെ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനം സാദ്ധ്യമാക്കുന്നതിന് ഈ ബജറ്റ് അതിന്റെ ഉദ്ദ്യേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും നേടിയെടുക്കുമെന്ന് പ്രത്യാശിക്കാം.

കർമ്മസമിതികളിൽ നിന്നും, ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള വികസന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നമ്മുടെ വിഭവ സ്രോതസിന്റെ സാധ്യതയ്ക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുവാനാണ് ശ്രമിച്ചിട്ടുള്ളത്. ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ ഗ്രാമത്തിലെ സാധാരണ ജനങ്ങൾക്ക് സുസ്ഥിര വികസന മുന്നേറ്റത്തോടൊപ്പം പരമാവധി സുരക്ഷിതത്വം നൽകുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യചുമതലയാണ്. ഈ ചുമതലകളുടെ നിർവ്വഹണത്തിനാവശ്യമായ ബജറ്റ് നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വിശ്വസ്തതയോടെ,

വി. രാധാകൃഷ്ണൻ
(പ്രസിഡന്റ്, പവിത്രേശ്വരം
ഗ്രാമപഞ്ചായത്ത്)

പതിനാലാം പഞ്ചവത്സര പദ്ധതി
3-ാം വാർഷിക പദ്ധതി

ബജറ്റ് 2024-25

ബജറ്റ് പ്രഖ്യാപന രേഖ

ജനകീയാസൂത്രണത്തിന്റെ 2 ദശാബ്ദം പൂർത്തിയായിരിക്കുകയാണ്. നമ്മുടെ നാടിന്റെയും ജനങ്ങളുടെയും ക്ഷേമവും ഐശ്വര്യവും വർദ്ധിപ്പിക്കുന്നതിനുള്ള യഞ്ജത്തിലാണ് സംസ്ഥാന ഗവൺമെന്റ്. അതിന്റെചുവടു പിടിച്ച് ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് നമ്മുടെ പഞ്ചായത്ത് ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

കേരള ഗവ: നമ്മുടെ സംസ്ഥാനത്ത് സമസ്ഥമേഖലയിലെയും വികസനം മുൻനിർത്തിയുള്ള ആസൂത്രണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 14-ാം പഞ്ചവത്സരപദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഫലപ്രദമായ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും ആസൂത്രണത്തിന്റെ ഗുണമേൻമ ഉറപ്പുവരുത്തുന്നതി നുമാണ് ഇതിലൂടെ ശ്രമിക്കുന്നത്.

ജനജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ജനങ്ങളുടെ സാമൂഹിക സാംസ്കാരിക മേഖലകളിലും അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്. സ്ത്രീകളുടെയും, കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും, വൃദ്ധജനങ്ങളുടെയും സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഈ ഭരണസമിതിയുടെ അഞ്ചാമത്തെ ബജറ്റാണ് ഇന്ന് അവതരിപ്പിക്കുന്നത്, കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്, 202425 സാമ്പത്തിക വർഷ്ത്തിൽ ആരോഗ്യം, ഭവനനിർമ്മാണം, ജലസംരക്ഷണം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കൃഷി, എന്നിവയ്ക്ക് മുൻഗണന നൽകിവരുന്നു. ഹെൽത്ത് ഗ്രാന്റിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നമ്മൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാന ഗവണ്മെന്റിന്റെ പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതി ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇനി വരുന്ന വർഷം കൊണ്ട് നാട്ടിലെ ഭൂരഹിതരുടെയും ഭവനരഹിതരുടെയും പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന ഗവർമെന്റുകളുടെയും മറ്റ് ഏജൻസികളുടെയും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീ കരിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതുഫണ്ട് വർധിപ്പിക്കുന്നതിന് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. ലൈസൻസ്ഫീസ്, തൊഴിൽ നികുതി,മറ്റ് വരുമാനം എന്നിവ വർദ്ധിപ്പിക്കുന്നതിന് കാര്യമായ ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട് .

2025-26 സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പൊതുവികസന ഫണ്ടിനത്തിൽ 3,06,06000/-(മൂന്ന് കോടി ആറ് ലക്ഷത്തി ആറായിരം) രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ബേസിക്ഗ്രാന്റ് ഇനത്തിൽ 43,51,000/ (നാല്പത്തി മൂന്ന് ലക്ഷത്തി

അൻപത്തി ഓരായിരം) രൂപയും, ടൈഡ് ഗ്രാന്റായി 65,26,000/ (അറുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയറായിരം) രൂപയും പട്ടികജാതി മേഖലയിൽ വികസന ഫണ്ടിനത്തിൽ 1,94,60,000/(ഒരു കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അറുപതിനായിരം) രൂപയും, മെയന്റനൻസ് ഗ്രാന്റ്, റോഡിതര വിഭാഗത്തിൽ 1,07,62,000/(ഒരു കോടി ഏഴ് ലക്ഷത്തി അറുപത്തി രണ്ടായിരം) രൂപയും, റോഡ്മെയിന്റനൻസ് ഇനത്തിൽ 1,63,77,000/(ഒരു കോടി അറുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരം) രൂപയും കൂടി ആകെ പദ്ധതി ഫണ്ടിനത്തിൽ 8,80,82,000/രൂപ (എട്ട് കോടി എൺപത് ലക്ഷത്തി എൺപത്തിരണ്ടായിരം) രൂപ വരവ് പ്രതീക്ഷിക്കുന്നു.

ഉല്പാദന മേഖല

കൃഷിയും അനുബന്ധമേഖലയിൽകൂടി ബഡ്ജറ്റിൽ ഒരു കോടി മുപ്പത്തി നാല് ലക്ഷത്തി എഴുപതിനായിരം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിൽ ഊന്നൽ നൽകുന്നത് ജൈവപച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പഞ്ചായത്തിലെ മുഴുവൻ പാടശേഖരങ്ങളിലും നെൽകൃഷിവ്യാപിപ്പിക്കുന്നതിനും വാഴ, വെറ്റില, പച്ചക്കറികൃഷി, കുറ്റികുരുമുളക് കൃഷിയുടെ പ്രോത്സാഹനവുമാണ്. സംയോജിത വിള സംരക്ഷണം, കാർഷിക വസ്തുക്കളുടെ വിപണനം. കൂടാതെ പശു വളർത്തൽ, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വളർത്തൽ, എരുമവളർത്തൽ, ക്ഷീരവികസനം, കൈത്തൊഴിൽ സംരംഭങ്ങൾ, ചെറുകിട വ്യവസായങ്ങൾ, സൂഷ്മ സംരംഭങ്ങൾ എന്നിവയ്ക്കായി തുക വകയിരുത്തുന്നു. തെങ്ങ് കൃഷി വികസനത്തിനായി 4 ലക്ഷം രൂപയും, വിളകളെ പന്നിശല്യത്തിൽ നിന്നും സംരക്ഷിക്കുന്നതിനായുള്ള സൗരവേലി നിർമ്മാണത്തിനായി 10 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു. പട്ടിക ജാതി വനിതകൾ ഉൾപ്പെടെയുള്ള വനിതകൾക്കും സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്ര വാഹനം ലഭ്യമാക്കുന്നതിന് വനിതാക്ഷേമ പരിപാടിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നു. കൂടാതെ വനിതകൾക്ക് വാദ്യോപകരണ പരിശീലനം, സംരംഭങ്ങൾക്ക് ഇൻസെന്റീവ് നല്കൽ എന്നീ പദ്ധതികൾക്ക് തുക വകയിരുത്തുന്നു.

സേവന മേഖല

അംഗനവാടി പോഷകഹാരപദ്ധതി, കുട്ടികളുടേയു വൃദ്ധരുടേയും സ്ത്രീകളുടെയും അതി ദരിദ്രരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി തുക നീക്കിവയ്ക്കുന്നു.

ആരോഗ്യ സ്ഥാപനങ്ങലുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അർഹമായ തുക മാറ്റി വയ്ക്കുന്നു. പൊതുകുടിവെള്ള വിതരണം, ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയ്ക്കായി 55 ലക്ഷം രൂപ വകയിരുത്തുന്നു.പൊതുവിദ്യാഭ്യാസം, യുവജനക്ഷേമം, കല സംസ്കാരം എന്നിവയ്ക്കായി 35 ലക്ഷം രൂപയും വകയിരുത്തുന്നു.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പരിപാടികൾക്കായി 20 ലക്ഷം രൂപയും, പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ പരിപാടികൾക്കും ലാപ്ടോപ്പ് വിതരണം മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപയും വയോജന ക്ഷേമ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപയും വകയിരുത്തുന്നു.

പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണം മുൻനിർത്തി ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിന് പ്രത്യേക ആരോഗ്യപരിപാടിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നു.

വനിതകൾക്ക് രോഗനിർണ്ണയക്യാമ്പ് സംഘടിപ്പിക്കുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നതോടൊപ്പം വയോജനസഭ, ബാലസഭ, ഭിന്നശേഷി കലോത്സവും എന്നിവയ്ക്കായി ഈ ബജറ്റിൽ മതിയായ തുക വകയിരുത്തുന്നു.

ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്ന ആശ്വാസ കിരൺ പദ്ധതിയ്ക്കായി പ്രത്യേക അരോഗ്യപരിപാടിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ ഡയാലിസിസ്, ക്യാൻസർ, പ്രമേഹ രോഗികൾ മരുന്ന് വിതരണത്തിന് ഈ ബജറ്റ് തുക വിഭാവനം ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തി സമഗ്ര അപകട ഇൻഷുറൻസ് പദ്ധതിയായ ജീവൻ സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിന് ഈ ബജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുന്നു.

പശ്ചാത്തല മേഖല

പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണം ,സംരക്ഷണം, നവീകരണം, റോഡുകളുടെ പാർശ്വ ഭിത്തി നിർമ്മാണം എന്നിവയ്ക്കായി 2 കോടിരൂപ നീക്കി വെയ്ക്കുന്നു. .ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി 1 കോടി രൂപ നീക്കിവെയ്ക്കുന്നു. പഞ്ചായത്തിന്റെ അനുവാര്യചുമതലകളിൽഒന്നായതെരുവുവിളക്കുകളുടെ പരിപാലനത്തിന് 20 ലക്ഷംരൂപ മാറ്റിവയ്ക്കുന്നു.

. കാലാനുസൃതമായ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും സുസ്ഥിര വികസനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പുതിയ പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ടും 202526 വർഷത്തേയക്കുള്ള ബജറ്റ് ഇവിടെ അവതരിപ്പിക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച ബഹു.പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. രാധാകൃഷ്ണൻ, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, എന്റെ സഹപ്രവർത്തകരായ മുഴുവൻ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നന്ദി രേഖപ്പെടുത്തുന്നതിനൊപ്പം പരിമിതിക്കുള്ളിൽ നിന്നു കൊണ്ടാണെങ്കിലും പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും ഗുണകരമാകും എന്ന പ്രതീക്ഷയോടെ 52.48 കോടി രൂപ വരവും 52.01 കോടി രൂപ ചെലവും 4656667/(നാല്പതത്തിയാറ് ലക്ഷത്തി അൻപത്തിയാറായിരത്തി അറുനൂറ്റി അറുപത്തിയേഴ്) രൂപ മിച്ചം വരുന്ന ബജറ്റ് എല്ലാവരുടെയും നിർദ്ദേശങ്ങൾക്കും, പൊതുചർച്ചയ്ക്കും അംഗീകാരത്തിനും വേണ്ടി സമർപ്പിക്കുന്നു.

(ഒപ്പ്)

എം.ബി ശശികല

(വൈസ്പ്രസിഡന്റ് & ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)

ബജറ്റ് 2024-25

വിഭവ സ്രോതസ്സ്

നികുതി വരുമാനം	–	70,00,000
നികുതിയിതര വരുമാനം	–	20,00,000
വാടക	–	2,50,000
ജനറൽ പർപ്പസ് ഫണ്ട്	–	2,21,23,000
വികസനഫണ്ട് (ജനറൽ)	–	2,28,26,000
വികസനഫണ്ട് (SCP)	–	1,81,87,000
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	–	96,14,000
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	–	51,97,000
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	–	1,06,31,000
എം. ജി. എൻ. ആർ. ഇ. ജി. എസ്.	–	7,15,00000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	–	20,00,000
ജില്ലാ പഞ്ചായത്ത് വിഹിതം	–	10,00,000
ഗുണഭോക്തൃവിഹിതം	–	15,00,000
ICDS	–	15,00,000
ശുചിത്വമിഷൻ	–	25,00,000
നികുതി ഇതര വരവുകൾ	–	75,30,000

ബജറ്റ് 2024-25
സംക്ഷിപ്തം

കൃഷി

1.	ഇടവിള കൃഷി വികസനം	-	5 ലക്ഷം
3.	സമഗ്ര നെൽകൃഷി വികസനം	-	9 ലക്ഷം
4.	തെങ്ങുകൃഷി	-	2 ലക്ഷം
5	കുറ്റിക്കുരുമുളക്	-	2ലക്ഷം
6	മട്ടുപ്പാവിൽ പച്ചക്കറി കൃഷി	-	4 ലക്ഷം
7	ഏലാകൃഷി സംരക്ഷണവും, തോട് സംരക്ഷണവും	-	10 ലക്ഷം
8	വെറ്റില കൃഷി	-	2 ലക്ഷം
9	തിരി നന സിസ്റ്റം	-	5 ലക്ഷം
10	പുഷ്പകൃഷി	-	2 ലക്ഷം
11	ഏത്തവാഴ/വാഴകൃഷി	-	5 ലക്ഷം
11	പോഷകാഹാരം	-	2 ലക്ഷം

മൃഗസംരക്ഷണം

1	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	-	13 ലക്ഷം
2	എരുമ വളർത്തൽ	-	10 ലക്ഷം
3	കാലിത്തീറ്റ സബ്സിഡി	-	5 ലക്ഷം
4	കന്നുകുട്ടി പരിപാലനം	-	5 ലക്ഷം
5	കറവപശുവളർത്തൽ (ജനറൽ)	-	15 ലക്ഷം
6	മുട്ടക്കോഴി വളർത്തൽ	-	5 ലക്ഷം
7	പോത്തുകുട്ടി വളർത്തൽ	-	5 ലക്ഷം
8	പോത്തുകുട്ടി വളർത്തൽ (എസ്.സി.)	-	3 ലക്ഷം
9	എ.ബി.സി. പ്രോഗ്രാം	-	5 ലക്ഷം
10	മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ	-	5 ലക്ഷം
11	കാലിത്തൊഴുത്ത് നവീകരണം	-	10 ലക്ഷം

ആരോഗ്യം

1.	കുടുംബാരോഗ്യകേന്ദ്രിൽ മരുന്ന് വാങ്ങൽ	-	10 ലക്ഷം
2.	ഗവ: ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ	-	5 ലക്ഷം
3.	ഗവ: ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ	-	10 ലക്ഷം
4.	ഡയാലിസിസ്, കിഡ്നി, ക്യാൻസർ, ഷുഗർ, മറ്റ് ഗുരുതര രോഗങ്ങൾക്ക് മരുന്നുവാങ്ങൽ	-	10 ലക്ഷം
5	ശ്രുതിതരംഗം	-	1 ലക്ഷം
6	വയോജനങ്ങൾക്ക് കൈത്താങ്ങ്- പകൽവീട്	-	5 ലക്ഷം
7	നാരിമിത്രം	-	2 ലക്ഷം
8	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം ആയുർവേദം	-	2 ലക്ഷം
9	സാന്ത്വനം പരിചരണം	-	10 ലക്ഷം
10	ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	-	15 ലക്ഷം
11	ഭിന്നശേഷിക്കാർക്ക് രോഗനിർണ്ണയവും ഉപകരണങ്ങളുടെ വിതരണവും	-	2 ലക്ഷം
12	ആർദ്രം പദ്ധതി ഡോക്ടറുടെ വേതനം	-	8.5 ലക്ഷം

13	ഡയാലിസിസ് പേഷ്യന്റിന് ധനസഹായം	-	10 ലക്ഷം
14	വനിതകൾക്ക് സെമിനാർ ക്യാമ്പ്	-	2 ലക്ഷം
15	വിദ്യാർത്ഥിനികൾക്ക് മെനിസ്ട്രൽ കപ്പ്	-	2 ലക്ഷം
16	വയോമിത്രം	-	5 ലക്ഷം
17	ഹരിത ഔഷധഗ്രാമം	-	3 ലക്ഷം
18	ആലൂൽ കർമ്മ	-	
21	സമഗ്ര അപകട ഇൻഷുറൻസ് പദ്ധതി	-	10 ലക്ഷം

പട്ടികജാതി വികസനം

1.	ലൈഫ് ഭവന പദ്ധതി (എസ്.സി.പി)	-	4 കോടി
3.	വൃദ്ധർക്ക് കട്ടിൽ നൽകൽ (എസ്.സി.പി)	-	10 ലക്ഷം
4.	വീട് വാസയോഗ്യമാക്കൽ (എസ്.സി.)	-	70 ലക്ഷം
5.	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും	-	5 ലക്ഷം
7.	വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (എസ്.സി)	-	20 ലക്ഷം
8	പി.വി.സി. വാട്ടർ ടാങ്ക് (എസ്.സി)	-	10 ലക്ഷം
9	പഠനമുറി	-	50 ലക്ഷം
10	മെറിറ്റോയൽ സ്കോളർഷിപ്പ്	-	15 ലക്ഷം
11	പോത്തുകുട്ടി വിതരണം എസ്.സി	-	5 ലക്ഷം
12	കോളനികളിൽ സോളാർ ലൈറ്റ് സിസ്റ്റം	-	10 ലക്ഷം
12	ശിങ്കാരിമേളം പരിശീലനവും, ഉപകരണങ്ങൾ വാങ്ങി നൽകലും	-	5 ലക്ഷം
13.	പട്ടികജാതി നഗറുകളിൽ സർവ്വേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും	-	2 ലക്ഷം

വിദ്യാഭ്യാസം

1	പഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം	15 ലക്ഷം
2	സ്കൂളുകൾക്ക് ഫർണീച്ചർ	5 ലക്ഷം
3	ലൈബ്രറികൾക്ക് കസേര, പത്രങ്ങളും, ജേണലുകളും	2 ലക്ഷം
4	പഞ്ചായത്ത് ലൈബ്രറിയെ ഡിജിറ്റൽ ലൈബ്രറിയാക്കൽ	5 ലക്ഷം
5	സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ കാമ്പെയിൻ	5 ലക്ഷം
6	സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ	20 ലക്ഷം
7	ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്	3 ലക്ഷം
8.	..... സ്പോർട്സ് കിറ്റ് വിതരണം	3 ലക്ഷം

സാമൂഹ്യക്ഷേമം

1	അംഗൻവാടി പോഷകാഹാര പദ്ധതി (ജനറൽ)	-	20 ലക്ഷം
2	അദിദരിദ്ര്യ ഗുണഭോക്താക്കൾക്കുള്ള ഭക്ഷ്യക്കിറ്റ്	-	3 ലക്ഷം
3	വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (ജനറൽ)	-	10 ലക്ഷം
4	അംഗൻവാടികൾക്ക് വസ്തുവാങ്ങൽ	-	10 ലക്ഷം
5	വീട് മെയിന്റനൻസ് (ജനറൽ)	-	80 ലക്ഷം
6	അംഗൻവാടികൾക്ക് പാത്രങ്ങളും, ഫർണീച്ചർകളും	-	10 ലക്ഷം
7	സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ)	-	4 കോടി
8	അംഗൻവാടികൾ സ്മാർട്ട് ആക്കൽ	-	15 ലക്ഷം
9	പൊതുകിണർ നവീകരണവും പൊതുകുളം നവീകരണവും	-	15 ലക്ഷം
10	കിണർ നവീകരണം വ്യക്തിഗതം	-	10 ലക്ഷം
11	ഭിന്നശേഷി കലോത്സവവും	-	2 ലക്ഷം
12	ബാലസഭ	-	2 ലക്ഷം
13	വയോജന സഭ	-	2 ലക്ഷം
14	വനിതകൾക്ക് സ്വയംതൊഴിൽ, ഇരുചക്രവാഹനം	-	5 ലക്ഷം

പശ്ചാത്തല വികസനം

1	തെരുവ് വിളക്കുകളുടെ മെയിന്റനൻസ്	-	15 ലക്ഷം
2	സ്ട്രീറ്റ് മെയിൻ വലിക്കൽ	-	10 ലക്ഷം
3	അംഗൻവാടി കെട്ടിട നിർമ്മാണം	-	10 ലക്ഷം

പൊതുഭരണം

ISO സർട്ടിഫിക്കേഷൻ	-	5 ലക്ഷം
പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ	-	10 ലക്ഷം